# ഹദീസ് ക്രോഡീകരണത്തിന്റെ വ്യത്യസ്ത രീതികൾ



**വിവിധ** ഗ്രന്ഥങ്ങളിൽ ഹദീസുകൾ ക്രോഡീകരിച്ചിട്ടുള്ളത് ഒരേ രീതിയിലല്ല. വ്യത്യസ്ത മാനദണ്ഡങ്ങളനുസരിച്ചാണ് പണ്ഡിതന്മാർ തങ്ങളുടെ കൃതികളിൽ ഹദീസുകൾ ക്രമീകരിച്ചിട്ടുള്ളത്. വിഷയാധിഷ്ഠിതമായും വ്യക്തിയധിഷ്ഠിതമായും ഭാഷാവിശകലനമനുസരിച്ചും സ്വഹീഹ്-ദഈഫ്-ഗരീബ് ക്രമമനുസരിച്ചും ഫിഖ്ഹീ വീക്ഷണ പ്രകാരവുമൊക്കെ ഹദീസ് ഗ്രന്ഥങ്ങൾ ക്രോഡീകരിക്കപ്പെട്ടിട്ടുണ്ട്.

ആദ്യകാലത്ത് രചിക്കപ്പെട്ടവയിൽ പ്രത്യേക ക്രമങ്ങൾ പാലിച്ചിരുന്നില്ല. ലഭ്യമാകുന്ന എല്ലാ ഹദീസുകളും നിരുപാധികം ശേഖരിക്കുകയാണവയിൽ ചെയ്തിട്ടുള്ളത്. ഉബൈദുല്ലാഹിബ്നു മൂസൽ അബ്സിയും അബൂദാവൂദുത്ത്വയാലിസിയും ചെയ്തിട്ടുള്ളതിതാണ്. ഹദീസ് നിവേദകന്മാർക്കനുസരിച്ച് ക്രോഡീകരിക്കുകയാണ് മറ്റൊരു രീതി. ഉദാഹരണമായി അബൂബക്ർ സ്വിദ്ദീഖ് (റ) നിവേദനം ചെയ്ത മുഴുവൻ ഹദീസുകളും അദ്ദേഹത്തിന്റെ പേരിനുകീഴെ ക്രോഡീകരിക്കുക. ഇതിനെ മുസ്നദ് അബീബക്ർ എന്നുവിളിക്കുന്നു. ശേഷം മറ്റു സ്വഹാബിമാരുടേതെല്ലാം ഇതേവിധം ചെയ്യുന്നു. ഇമാം അഹ്മദുബ്നു ഹമ്പലിന്റെ ഗ്രന്ഥം ഉദാഹരണം. വിഷയാധിഷ്ഠിതമായി ക്രോഡീകരിക്കുന്ന രീതിയാണ് ചില മുഹദ്ദിസുകൾ സ്വീകരിച്ചിട്ടുള്ളത്. നമസ്കാരത്തെക്കുറിച്ച് പറയുന്ന ഹദീസുകളെല്ലാം ഒരു അധ്യായത്തിൽ സമാഹരിക്കുക. സകാത്തിനെകുറിച്ചുള്ളത് മറ്റൊന്നിൽ. മാലികുബ്നു അനസിന്റെ മുവത്വയാണ് ഈ രീതിയിൽ ക്രോഡീകരിച്ച ആദ്യ ഗ്രന്ഥം. ഇമാം ബുഖാരിയും മുസ്ലിമുമെല്ലാം സ്വീകരിച്ചതും ഇതേ രീതിയാണ്. ഇതിന് രണ്ട് ഗുണങ്ങളുണ്ട്. വിഷയങ്ങൾ അറിയുകയും അതുസംബന്ധമായ ഹദീസുകൾ അന്വേഷിക്കുകയും ഓർക്കുകയുമാണ് പ്രയാസരഹിതമായ രീതി. അതേസമയം നിവേദകന്മാരെ നോക്കി ഹദീസുകൾ കണ്ടെത്തുകയും ഏതു മുസ്നദിലാണെന്ന് മനസ്സിലാക്കുകയും ചെയ്യുക എളുപ്പമല്ല. അവിടെ ഹദീസല്ല, നിവേദകനാണ് പ്രഥമ പരിഗണനയിൽ വരിക. ഇതു ശ്രമകരമാണ്. വിഷയാധിഷ്ഠിതമായാണ് ഹദീസുകൾ ക്രോഡീകരിച്ചതെങ്കിൽ ഒരുവിഷയത്തെക്കുറിച്ച അധ്യായത്തിലുള്ള ഹദീസ് വായിച്ചാൽ അതിലുള്ള വിഷയം എന്താണെന്ന് സാധാരണക്കാരനുപോലും പെട്ടെന്ന് മനസ്സിലാക്കാനാവും. അതേസമയം മുസ്നദാണെങ്കിൽ ഓരോ ഹദീസിലും എന്തൊക്കെ വിഷയങ്ങളും വിധികളുമുണ്ടെന്ന് ഗവേഷണം നടത്തേണ്ടി വരും. ഇത് പൊതുസമൂഹത്തിന് പ്രയാസങ്ങളുണ്ടാക്കും.

ഭാഷാവിശകലന സ്വഭാവത്തിൽ ക്രോഡീകരിക്കപ്പെട്ട ഹദീസ്ഗ്രന്ഥങ്ങളുമുണ്ട്. ഹദീസുകളിൽ വന്നിട്ടുള്ള ഭാഷാ പ്രയോഗങ്ങൾ, ആശയം മനസ്സിലാക്കാൻ പ്രയാസമുള്ള വാക്കുകൾ, ഇഅ്റാബ് തുടങ്ങിയവയാണ് അതിൽ വിവരിക്കുക. വിധിവിലക്കുകൾ പരിഗണിക്കില്ല. അബൂഉബൈദ് ഖാസിമുബ്നു സലാമിന്റെയും അബ്ദുല്ലാഹിബ്നു മുസ്ലിമിബ്നു ഖുതൈബയുടെയും കൃതികൾ ഉദാഹരണം.

കർമശാസ്ത്രവീക്ഷണങ്ങളും വിധികളും വിശദീകരിക്കുന്ന രീതിയിൽ ഹദീസുകൾ ക്രോഡീകരിച്ച പണ്ഡിതനാണ് അബൂസുലൈമാൻ അഹ്മദുബ്നുൽ ഖത്വാബി.

അബൂഉബൈദ് അഹ്മദുബ്നു മുഹമ്മദുൽ ഹറവിയുടെ കൃതി ഹദീസിന്റെ പാഠങ്ങൾ (മത്ൻ) ഒഴിവാക്കി ഗരീബായവ മാത്രം ഉൾപ്പെടുത്തി വിശദീകരിക്കുന്നതാണ്. അതേസമയം നിവേദകപരമ്പരയെ മാറ്റിനിർത്തി, ശർഈ നിയമങ്ങൾ വിശദീകരിക്കുംവിധം മത്നുകൾ മാത്രം ക്രോഡീകരിക്കുകയാണ് അബൂമുഹമ്മദുബ്നു സൈദുബ്നു മസ്ഊദുൽ ബഗവി ചെയ്തിട്ടുള്ളത്.

*മുഖദ്ദിമത്തു തുഹ്ഫത്തിൽ അഹ്വദി*
(1/44-45)